# സ്നേഹത്തിൻെറ കൈത്തിരി

**സരോജ വർഗ്ഗീസ്, ന്യൂയോർക്ക്**



ഫേസ്ബുക്കിൽ ഈയിടെ കാണാനിടയായ ഒരു വീഡിയോക്ലിപ്പ് ആണ് ഈ കുറിപ്പെഴുതുവാൻ പ്രേരകമായത്.

മദ്ധ്യതിരുവതാങ്കൂറിലെ അതിപുരാതനമായ ഒരു ദേവാലയമാണ് രംഗം ഒട്ടനേകം മതാചാര്യന്മാരും പൊതുജനങ്ങളും എല്ലാം കൂടിക്കലർന്ന ഒരു ജനസഞ്ചയം പരസ്പരം ഉന്തും തള്ളും നടത്തുന്നു. ഏതാനും ദിവസങ്ങൾക്ക് മുമ്പും ഇത്തരം ഒരു രംഗം നിരീക്ഷിക്കാനിടയായി. രണ്ട് പുരോഹിതന്മാരും അനേകം പോലീസ്സുകാരും വിശ്വാസികളും തമ്മിൽ ലഹള. ഇത്തരം രംഗങ്ങൾ വീക്ഷിക്കാനിടയാകുമ്പോൾ ഹൃദയം വേദനിക്കുന്നു.

ഈ അവസരത്തിൽ ഓർമ്മ വരുന്നത് ഒരു മഹാൻെറ വാക്കുകളാണ്. " Spare no chance to waken love " സ്നേഹത്തെ ഉദ്ദീപിപ്പിക്കാനുള്ള ഒരവസരവും നഷ്ടപ്പെടുത്തരുത്.

ഭിന്നതയും വിദ്വേഷവും നിറഞ്ഞ ഇന്നത്തെ സമൂഹത്തിനു അടിയന്തരമായി ആവശ്യമായിട്ടുള്ളത്. സ്നേഹത്തിൻെറ കൈത്തിരി തെളിയിക്കുക എന്നുള്ളതാണ്. മത സൗഹാർദ്ദത്തിൻെറയും മതസഹിഷ്ണുതയുടേയും നാട് എന്ന് പ്രഖ്യാതി കേരളത്തിനുണ്ടായിരുന്നു. വിവിധ മതങ്ങളും ഭിന്നവിശ്വാസങ്ങളും പരസ്പരം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ മനുഷ്യൻ മനുഷ്യനെ വെറുക്കുന്ന യാതൊരു തത്ത്വശാസ്ത്രവും ധാർമ്മികമല്ല എന്നത് വിസ്മരിക്കപ്പെട്ടത്പോലെ തോന്നുന്നു. നിന്നെ പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക എന്ന് മനുഷ്യരാശിയെ പഠിപ്പിച്ച യേശുനാഥൻെറ പാത പിൻതുടരുന്നു എന്ന് അവകാശപ്പെടുന്നവരും അവരെ നേർവഴിക്ക് നയിക്കേണ്ടുന്ന ഇടയന്മാരും തമ്മിൽ ഇടയുന്നത് എത്രയോ ലജ്ജാകരം.

പരസ്പര വിദ്വേഷവും കുറ്റാരോപണങ്ങളും അസഹിഷ്ണുതയും ആഞ്ഞടിക്കുന്നു ഇന്നത്തെ സമൂഹത്തിൽ. സ്നേഹത്തിൻെറ കൈത്തിരി തെളിക്കുകയും അത് അണയാതെ കാത്തുസൂക്ഷിക്കുകയും ചെയ്യേണ്ടത് മനുഷ്യസ്നേഹമുള്ള ഏതൊരാളുടെയും കടമയാണു. പരിമിതമായ നിലയിലെങ്കിലും ഓരോ വ്യക്തിക്കും സ്നേഹത്തിൻെറ സന്ദേശം പരത്താൻ കഴിയും. അങ്ങനെ ചെയ്യുന്നതിൽ കൂടി

ലോകസമാധാനം കെട്ടിപ്പടുക്കുന്നതിനുള്ള ഓു ചെറിയ പങ്കാളിത്തമാണ് ഓരോരുത്തരും വഹിക്കുന്നത്. യേശുവിൻെറ ശിഷ്യനായിരുന്ന വി.യോഹന്നാൻെറ വാക്കുകൾ ഇപ്രകാരം വായിക്കുന്നു. പ്രിയപ്പെട്ടവരെ നമുക്ക് പരസ്പരം സ്നേഹിക്കാം.സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ് സ്നേഹിക്കുന്നവൻ ദൈവത്തിൽ നിന്നു ജനിച്ചവനും ദൈവത്തെ അറിയുന്നവനും ആണ് , കാരണം ദൈവം സ്നേഹമാകുന്നു. പരസ്പരം സ്നേഹിക്കാൻ കഴിയുമ്പോൾ പകയും വിദ്വേഷവും അകലുന്നു. നമുക്ക് ചുറ്റും ഒന്ന് സൂക്ഷിച്ച് നോക്കുക. സത്കർമ്മങ്ങൾ ചെയ്യാൻ നാം സന്നദ്ധരാകുമ്പോൾ എത്രയോ പേർക്ക് അതിൻെറ നന്മ ലഭിക്കും. അങ്ങനെ ഒരു സമൂഹം നന്മയുടെ വഴിയിലേക്ക് നീങ്ങുമ്പോൾ അവിടെ ഈശ്വരചൈതന്യമുണ്ടാകും. പ്രതികാര ബുദ്ധിയും അക്രമവാസനയും പൈശാചികമാണ്. അത് കൊണ്ട് ആർക്കും നേട്ടമുണ്ടാകുന്നില്ല. ഒരാൾക്ക് ഒരാളുടെ ജീവൻ അപഹരിക്കാനും നാശനഷ്ടങ്ങൾ വരുത്താനും സാധിക്കും. അത് തിന്മയുടെ വെറും താൽക്കാലികമായ ഒരു വിജയമാണ്. തെറ്റുകൾ ചെയ്ത് പിന്നീട് പശ്ചാത്തപിക്കുന്നതിനെക്കാൾ എത്രയോ നല്ലതാണ് തെറ്റുകൾ ചെയ്യാതിരിക്കുന്നത്. ദൈവ വചനങ്ങൾ അനുസരിച്ച് ജീവിക്കുന്ന ഒരു വ്യക്തിക്ക് ഒരിക്കലും തെറ്റുകൾ ചെയ്യാൻ കഴിയില്ല. അയാൾ എപ്പോഴും മറ്റുള്ളവർക്ക് ഗുണകരമായ സേവനങ്ങൾ ചെയ്യുന്നതിൽ തൽപ്പരനായിരിക്കും.വഴക്കും തമ്മിൽ തല്ലുമായി കഴിയുന്നവർ അതെല്ലം ഉപേക്ഷിച്ച് നന്മയുടെ വഴിക്ക് തിരിയണം. അവരിൽ നിന്നും സമൂഹം എന്തെല്ലാം പ്രതീക്ഷിക്കുന്നു. സ്നേഹത്തിൽ അധിഷ്ഠിതമായ് ക്രുസ്തുമതം എപ്പോഴും പരോപ്കാര പ്രവർത്തനങ്ങളിൽ എന്നും മുൻ പന്തിയിൽ നിന്നിട്ടുണ്ട്. ആർത്തരുടേയും ആലംബഹീനരുടേയും കണ്ണീരൊപ്പാൻ അതിനു കഴിഞ്ഞിട്ടുണ്ട്. അധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും അത്താണിയാകുന്നതല്ലേ അഭികാമ്യം. സ്വന്തം സഹോദരനെ വാളിനിരയാക്കി സ്വയം വാളാൽ വെട്ടി ചാകുന്ന പ്രാക്രുത സമ്പ്രദായം ക്രുസ്തീയ വിശ്വാസികൾക്ക് ചേരുന്നതല്ല. അത് കൊണ്ട് ത്യാഗത്തിൻേറയും നിസ്വാർത്ഥസേവനത്തിനേയും പാന്ഥാവ് നമ്മൾ ഓരോരുത്തരും തിരഞ്ഞെടുക്കണം. അമേരിക്കൻ മലയാളികൾ സാമ്പത്തികമായ സഹായങ്ങൾ എത്തിച്ച് കൊടുത്ത്കൊണ്ട് കർത്താവിൻെറ വചനങ്ങളെ അനുസരിക്കുന്നു. ഉള്ളവൻ ഇല്ലാത്തവനു കൊടുമ്പോൾ സമൂഹത്തിൽ സമത്വം പുലരും. സ മ്രുദ്ധി നിറയും. കൊല്ലും കൊലയും മതത്തിനു വേണ്ടി ഉപയാഗിക്കുന്നവരെ ബോധവത്കരിക്കുക. അവരുടെ മാനസാന്തരം ഈ ലോകത്തിൽ സത്യാപ്രകാശം നിറയ്ക്കും. നമ്മുടെ കേരളം വർഗ്ഗീയ വിഷബാധയേൽക്കാതെ സൂക്ഷിക്കാൻ അമേരിക്കൻ മലയാളികൾക്കും ഉത്തരവാദിത്വമുണ്ട്. നാട്ടിലെ ഓരോ അസുഖകരമായ വാർത്തകളും വായിച്ച് തള്ളി കളയാതെ അതിനെതിരെ പ്രതികരിക്കാൻ കർത്തവ്യ ബോധമുള്ളവർ തയാറാകണം.

ക്രുസ്തുദേവൻ അരുളിചെയ്തപോലെ നമ്മൾ പരസ്പരം സ്നേഹിക്കണം. പരസ്പരം സഹായിക്കണം.വാർദ്ധക്യത്തിൽ ഒറ്റപ്പെട്ട അനുഭവത്തിൽ കഴിയുന്ന ധാരാളം ഹതഭാഗ്യർ സമൂഹത്തിലുണ്ട്. അത്പോലെ തന്നെ വിരഹാർത്തരായി കഴിയുന്നവരും അൽപ്പം ആശ്വാസത്തിൻെറ പ്രകാശത്തിനു വേണ്ടി അവർ ആഗ്രഹിക്കുന്നുണ്ടാവാം. സ്നേഹിക്കുന്ന ഹ്രുദയങ്ങളുടെ സാന്നിധ്യം തീർച്ചയായും അവർക്ക് ആശ്വാസം പകരും. വി. പൗലോസ് പറയുന്നു. “നിങ്ങൽ അന്യോന്യം ധൈര്യപ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്യുക.

യഥാർത്ഥസ്നേഹത്തിനു പരിമിതിയില്ല. അതിൻെറ ഉറവ വറ്റാത്തതാണ്. സ്നേഹം പങ്കു വയ്ക്കുമ്പോൾ പലമടങ്ങ് വർദ്ധിക്കുന്നു. ഒരു ദീപത്തിൻ നിന്നും ആയിരം ദീപങ്ങൾ

കത്തിച്ചാലും ആദ്യത്തെ ദീപം ലവലേശം ഭംഗമില്ലാതെ പ്രകാശിക്കുന്നു. സ്നേഹവും അതുപോലെ തന്നെ.

നമ്മുടെ കുടുംബങ്ങളിലും ആത്മീയമണ്ഡലങ്ങളിലും സാമൂഹികബന്ധങ്ങളിലും സ്നേഹത്തിൻെറ ദീപം നമുക്ക് ഉയർത്തിപ്പിടിക്കാം.

“സ്നേഹം നരകത്തിൻ ദ്വീപിൽ സ്വർഗ്ഗ
ഗേഹം പണിയും പടുത്വം.“

**********************************